പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1449 | 03.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷ്യസുരക്ഷ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ. എൻ.ഷംസീർ | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ എത്ര വർക്കാർ ജീവനക്കാർ ജോലിചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | 559 തസ്തികകൾ അനുവദിക്കപ്പെട്ടതിൽ 448 ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്. |
| ബി) | പ്രസ്തുത വകുപ്പ് ശക്തിപ്പെടുത്താനുള്ള പുതെങ്കിലും കർമ്മപദ്ധതി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഭക്ഷ്യസുരക്ഷാ വിഭാഗം ശക്തിപെടുത്തുന്നതിന്റെ ഭാഗമായി ഇതിനകം ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ്സേഫ്റ്റി അഡ്മിനിസ്ട്രേഷൻ & ലീഗൽ എന്ന തസ്തികയും 3 ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് തസ്തികയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവയിൽ ഓരോ തസ്തികയും നിയമസഭാനിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ സർക്കിൾ ഓഫീസ് എന്ന നിലയിൽ പുനസംഘടിപ്പിക്കുന്നതിലേക്കാവശ്യമായ 62 ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തികയും വിവിധ ഭക്ഷ്യ സുരക്ഷാ ഓഫീസികളിലേക്കായി 99 ക്ലർക്ക്മാരുടെയയും 30 ഓഫീസ് അറ്റന്റർമാരുടെയും തസ്തിക ഇതിനകം വിവിധ ഉത്തരവുകളിലൂടെ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകൾ ശക്തിപ്പെടുന്നതിന്റെ ഭാഗമായി ആയത് ദേശീയ നിലവാരത്തിലുള്ള അക്രഡിറ്റേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗിമിക്കുന്നതിനോടൊപ്പം 3 റിസർച്ച് ഓഫീസർ, 3 ജൂനിയർ റിസർച്ച് ഓഫീസർ, 3 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1, 6 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികകളും ഇതിനകം സർക്കാർ പുതുതായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഭക്ഷ്യസുരക്ഷാ മേഖല നിരന്തരമായ ഇടപെടലുകൾ |

| | | | |
|---|---|---|---|
| | | | ആവശ്യമായ മേഖലകൾ ദിനം പ്രതി വർദ്ധിച്ച് വരികയാണ്. അത്തരമുള്ള ആവശ്യങ്ങൾ നേരിടുന്നതിനടക്കം വകുപ്പ് സജ്ജമാക്കുന്നതിനുള്ള കർമ്മപദ്ധതി വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹോട്ടലുകളിൽ എത്ര പരിശോധന നടത്തിയിട്ടുണ്ട് ; വിശദീകരിക്കുമോ; | സി) | 1682 ഹോട്ടലുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| ഡി) | ഭക്ഷ്യസുരക്ഷാ ബോധവത്കരണത്തിനു വേണ്ടി പ്രസ്തുത വിഷയം സ്കൂൾപാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ? | ഡി) | സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും 10 സർ ക്കാർ സ്ക്കൂളുകൾ വീതം തെരെഞ്ഞെടുത്ത് 140 സർക്കാർ സ്കൂളുകളിലെ 8, 11 എന്നീ ക്ലാസ്സുകളിലെ തെരെഞ്ഞെടുത്ത വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് ഭക്ഷ്യസുരക്ഷാ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായുള്ള TOT (Trainers of Traninig) പരിശീലനം ഇതിനകം നൽകിയിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതി കൂടുതൽ സ്ക്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആലോചിച്ചു വരുന്നു. കൂടാതെ സ്ക്കൂൾ പാഠ്യപദ്ധതിയിൽ ടി വിഷയം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് പരിശോധിക്കേണ്ടതുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ